31/ഗ്രാ/18

2467
28/2/06

Office of ... 23/02/18 LSGD, Thiruv...

കേരള സർക്കാർ

നം.ഡി.എ 1/880/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, 19 .02.2018

സർക്കുലർ

വിഷയം:-തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാരെ പൊതുവായ വികസന, ക്ഷേമ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്

CE DCE AO JS

1997 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം (2) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പഞ്ചായത്തിന്റെ പൂർണ്ണമായ നിയന്ത്രണങ്ങൾക്ക് വിധേയമായി പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങൾക്കുവേണ്ടി പഞ്ചായത്ത് നിശ്ചയിക്കുന്ന പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 181, 184 എന്നിവ പ്രകാരം പഞ്ചായത്തിന്റെ ഏത് ചുമതലകളും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയ സ്ഥാപനങ്ങളിലെ ഏത് ഉദ്യോഗസ്ഥനും അവരുടെ പ്രവർത്തനമേഖല പരിഗണിക്കാതെ ഏല്പിച്ചു നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ സാഹചര്യത്തിൽ, നിലവിൽ പഞ്ചായത്ത് രാജ് ആക്റ്റ്/ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള അധികാരങ്ങളുടെ ഉദ്ദേശശുദ്ധി മനസ്സിലാക്കി അധികാര വികേന്ദ്രീകരണ പ്രക്രിയക്ക് യാതൊരു വിഘാതവും സൃഷ്ടിക്കാത്തതരത്തിൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളിലെ മേലധികാരികൾ ഉത്തരവുകൾ പുറപ്പെടുവിക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

E8

പോൾ ആന്റണി
ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും

മേലെഴുത്ത് നം: ഇ8/2210/15/നിർ/തസ്വഭവ
തീ: 06.03.2018

സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ ജീവനക്കാരുടെയും അറിവിലേയ്ക്കായി സർക്കുലേറ്റ് ചെയ്യുന്നു.

ചീഫ് എഞ്ചിനീയർ

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പൽ ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(ഗ്രമവികസനകമ്മീഷണർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ